# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ-എൽ.പി/ബി.പി-1084/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 24/10/2025
ഇ-മെയിൽ: ddlgfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

✓ പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ, തസ്വഭവകുപ്പ്, ആലപ്പുഴ
2.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബി.പി-1084/2025 തീയതി: 24/10/2025

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01.04.2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും; സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് പുനരവലോകന/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-08-2025 | 21-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-08-2025 | 21-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രസാദ്.വി.കെ, ഓഡിറ്റ് ഓഫീസർ

ശ്രീ.റോയ്.റ്റി.എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ലൈല.പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| വി ജി മോഹനൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സുനിൽ സി വി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജീവ് പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഷീജ കെ എസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2024 | 31-03-2025 |
| പ്രവിദ പീറ്റർ | സി.ഡി.പി.ഒ | 01-04-2024 | 31-03-2025 |
| ഡോ. അഞ്ജു. എ .റ്റി | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി | 01-04-2024 | 26-07-2024 |
| ഡോ.കിരൺ.കെ. എസ് | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി | 27-07-2024 | 31-03-2025 |
| ആശ.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ബിന്ദു .വി | എസ്.സി ഡവലപ്മെന്റ് ഓഫീസർ | 01-04-2024 | 25-01-2025 |
| ബിനീഷ്.കെ | എസ്.സി ഡവലപ്മെന്റ് ഓഫീസർ(ഇൻ ചാർജ്) | 26-01-2025 | 09-03-2025 |
| അനൂപ.ടി.പി | എസ്.സി ഡവലപ്മെന്റ് ഓഫീസർ | 10-03-2025 | 31-03-2025 |
| ദിവ്യ .ജി .കൃഷ്ണൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 15-12-2024 |
| പ്രസീത.കെ.വി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-12-2024 | 31-03-2025 |
| നിധീഷ് വി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| രേഷ്മ കെ എസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | രേഖകൾ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക: വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-2 |
| 4 | വികസന ഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവുകൾ സ്വന്തം ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വരവ്, ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബാക്കി- വാർഷിക കണക്കിലെ രേഖപ്പെടുത്തൽ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യത തുകയും ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളെല്ലാം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഗ്രാമപഞ്ചായത്തുകളിൽനിന്നും തനത് പ്രകാരം പിരിച്ച തുക - വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | ഗ്രാന്റ് രജിസ്റ്ററിലെ ന്യൂനതകൾ | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ഭവന പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ഗ്രാമപഞ്ചായത്തുകളിൽനിന്നും ഈടാക്കിയത് ബ്ലോക്ക് പഞ്ചായത്തിൽ വരവ് വച്ചില്ല | 1-10 |
| 20 | വാടകയിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല | 1-11 |
| 21 | ഡെപ്പോസിറ്റ് ബാങ്ക് അക്കൗണ്ടിൽ പലിശ ലഭിക്കുന്നില്ല | 1-12 |
| 22 | കരാറടിസ്ഥാനത്തിലുള്ള നിയമനം അധിക വേതനം നല്കി | 1-13 |
| 23 | കോൺഫറൻസ് ഹാളിൽ എ.സി സ്ഥാപിക്കൽ - തുക അധികം ചെലവഴിച്ചു | 1-14 |
| 24 | ബെഞ്ചസ് ഡെസ്ക് പ്രാദേശിക തൊഴിലാളികൾ – തുക നൽകൽ - രേഖകളുടെ അഭാവത്തിൽ തുക അനുവദിച്ചിട്ടുള്ളത് | 1-15 |
| 25 | അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ നൽകൽ - തുക അനുവദിച്ചുള്ളത് | 1-16 |
| 26 | എസ്.സി കോളനികളിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ – പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ച് | 1-17 |
| 27 | പൊതുസ്ഥലത്ത് വാട്ടർ എ.ടി.എം - രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 28 | വയോജന സൗഹൃദ വെൽനെസ്സ് പാർക്ക് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-19 |
| 29 | സെപ്റ്റേജ് നടപ്പാക്കിയ പദ്ധതികൾ - ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-20 |
| 30 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലുള്ള മോട്ടോറൈസ്ഡ് സ്കൂട്ടർ ലൈസൻസ് ഹാജരാക്കിയില്ല | 1-21 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ) നിർവഹിച്ച പ്രോജക്ടുകളിലെ ന്യൂനതകൾ | 1-22 |
| 32 | സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-23 |

| | | |
|---|---|---|
| 33 | സെക്യൂരിറ്റി നിർവ്വഹണം നടത്തിയ പദ്ധതികൾ – ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്തില്ല | 1-24 |
| 34 | കാലിത്തീറ്റയുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-25 |
| 35 | പ്രോജക്ട് ചെലവുകൾ പൂർണ്ണമായും സുലേഖയിൽ നിന്നുള്ള പ്ലാൻ എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തിയില്ല | 1-26 |
| 36 | [illegible] | 1-27 |
| 37 | ഹാച്ചറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-28 |
| 38 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-29 |

ഭാഗം 2

-- No Records Found --

ഭാഗം 3

| | | |
|---|---|---|
| 1 | കരാറടിസ്ഥാനത്തിലുള്ള നിയമനം അധിക വേതനം നല്കി | 3-1 |
| 2 | കോൺഫറൻസ് ഹാളിൽ എ.സി സ്ഥാപിക്കൽ - തുക അധികം ചെലവായി | 3-2 |

ഭാഗം 4

| | | |
|---|---|---|
| 1 | [illegible] | 4-1 |
| 2 | സംസ്ഥാന [illegible] ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് ഫീസ് | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യുത്തരം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

i) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13-06-2025-ലെ കമ്മറ്റി 3(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 16-06-2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഷെഡ്യൂളുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

നിരീക്ഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക സ്ഥിതിയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 റേഷ്യോസ് വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചില്ല

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, 62(7)(എഫ്)പ്രകാരമുള്ള റേഷ്യോസ്, വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. തീയതി.16.08.2025) റേഷ്യോസ് അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കുന്നതാണെന്ന് മറുപടി നല്കി. മുൻ വർഷങ്ങളിൽ റേഷ്യോസ് വാർഷികകണക്കിൽ

ഉൾപ്പെടുത്തി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-2 ക്യാഷ് ഫ്ലോ പത്രിക- വ്യത്യാസപ്പെട്ടിരിക്കുന്നു**

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹7072288/-) ബാലൻസ് പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (₹7621445/-) പൊരുത്തപ്പെടുന്നില്ല. തുകകൾ വ്യത്യസ്തമായതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീ.16.08.2025) ഓട്ടോ ജനറേറ്റഡ് റിപ്പോർട്ട് ആയതിനാൽ മാറ്റം വരുത്താൻ സാധ്യമല്ലായെന്നും വ്യത്യാസം ചൂണ്ടിക്കാട്ടി ഐ.കെ.എം-ന് കത്ത് നല്കിയിട്ടുള്ളതാണെന്നും മറുപടി നല്കി. ക്യാഷ് ഫ്ലോ പത്രികയിലെ ന്യൂനത പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

**1-1-3 വികസന ഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവുകൾ സ്വമേധ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വികസന ഫണ്ട്-ജനറൽ ഇനത്തിൽ ചെലവിനായി പരിഗണിക്കപ്പെട്ടിട്ടുള്ള തുക 30466602/-രൂപയാണ്. എന്നാൽ സ്വമേധ ചെലവ് പത്രിക പ്രകാരം ഈ ഫണ്ടിൽ നിന്നുള്ള ആകെ ചെലവ് 28559582/-രൂപയാണ്.

വാർഷിക കണക്ക് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ ചെലവിനായി പരിഗണിക്കപ്പെട്ടിട്ടുള്ള തുക 3911000/-രൂപയാണ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6- 2908040/- + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 1002960/-). എന്നാൽ സ്വമേധ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 3899581/- രൂപയാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി.16.08.2025) സാമ്പത്തിക വർഷാരംഭത്തിൽ അംഗീകാരം ലഭിച്ച് ചെലവഴിക്കപ്പെട്ട വികസന ഫണ്ട് ജനറലിൽ നിന്നുള്ള 8 പ്രോജക്ടുകൾക്കും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഭാഗത്തിൽ നിന്നുള്ള 1 പ്രോജക്റ്റിനും പ്രോജക്ട് റിവിഷനിൽ അംഗീകാരം ലഭിക്കാത്തത് മൂലമാണ് സ്വമേധ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടാതെ പോയതെന്നും സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ റിപ്പോർട്ടിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും മറുപടി നല്കി.

**1-1-4 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വരവ്, ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി.16.08.2025) മറുപടി ലഭ്യമായിട്ടില്ല.

**1-1-5 വായ്പ-വാർഷിക കണക്കിലെ രേഖപ്പെടുത്തൽ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്കിൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ലോൺ ഇനത്തിൽ 1065/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട് എന്നാൽ ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി.16.08.2025) വായ്പ തുക ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-1-6 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാധ്യത തുകയും ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ടൈഡ്, അൺടൈഡ്) അവശേഷിക്കുന്ന ബാധ്യത 10359458/-രൂപയാണ്. എന്നാൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (Canara Bank E Gramswaraj) 10772960/-രൂപ

നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീ.16.08.2025) റിട്ടൻഷനായി പിടിക്കുന്ന തുകയും മറ്റ് റിക്കവറികളും ഇതേ അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്ന് മറുപടി നല്കി. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം Contractors Retention ഇനത്തിലുള്ള തുകയും ഷെഡ്യൂൾ B-9 പ്രകാരമുള്ള റിക്കവറി തുകകളും കണക്കിലെടുത്താലും ഈ വ്യത്യാസത്തോളം വരുന്നില്ലായെന്ന് കാണുന്നു.

### 1-1-7 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊന്നും ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊന്നും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.16.08.2025) അടുത്ത സാമ്പത്തിക വർഷം മുതൽ ആസ്തിയായി ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

### 1-1-8 ഗുണഭോക്തൃവിഹിതം രസീത് പ്രകാരം പിരിച്ച തുക - വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഗുണഭോക്തൃ വിഹിതം ഇനത്തിൽ രസീത് പ്രകാരം പിരിച്ച തുക ബ്ലോക്ക് ഓഫീസിൽ ഒടുക്കാതെ നേരിട്ട് ചെലവഴിച്ചു. അതുമൂലം ഈ ഇനത്തിലുള്ള വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

### 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 08-02-2024-ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 10-03-2025ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | ₹817222787/- | ₹810510776/- |
| വാർഷിക കണക്ക് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്) പ്രകാരം | ₹60095757/- | ₹65362729/- |

### 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13212766 |
| വരവ് | 77390771 |
| ആകെ | 90603537 |
| ചെലവ് | 67995054 |
| നീക്കിയിരിപ്പ് | 22608483 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (റോൾഡ് ബാക്കുകൾ ഉൾപ്പെടെ) | ആകെ | ചെലവ് (റോൾഡ് ബാക്കുകൾ ഉൾപ്പെടെ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30689000 | 30689000 | 30466602 | 222398 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6682000 | 6682000 | 6011149 | 670851 (ലാപ്സായി) |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 496000 | 496000 | 246000 | 250000 (ലാപ്സായി) |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 3911000 | 3911000 | 3911000 | 0 |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)- ബാങ്ക് | 1862759 | 11418500 | 13281259 | 6315686 | 6965573 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)- ട്രഷറി | 0 | 23070 | 23070 | 0 | 23070 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2745928 | 5620799 | 8366727 | 4972842 | 3393885 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്ട്രീം-2 | 320379 | 2999593 | 3319972 | 305440 | 3014532 (നീക്കിയിരിപ്പ്) |

**1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ**

പഞ്ചായത്തിൽ നിന്നും ലഭ്യമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ താരതമ്യം പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 30689000 | 30689000 |
| ചെലവ് | 28559582 | 30466602 |
| നീക്കിയിരിപ്പ് | 2129418 | 222398 |

2. മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 3911000 | 3911000 |
| ചെലവ് | 3899581 | 3911000 |
| നീക്കിയിരിപ്പ് | 11419 | 0 |

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 1862759 |
| വരവ് | 11441570/- | 11441570/- |

| | | |
|---|---|---|
| ആകെ | 11441570/- | 13304329/- |
| ചെലവ് | 6270989/- | 6385686/- |
| നീക്കിയിരിപ്പ് | 5170581 | 6965573/- |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 2745928 |
| വരവ് | 5171515 | 5620799 |
| ആകെ | 5171515 | 8366727 |
| ചെലവ് | 4972842 | 4972842 |
| നീക്കിയിരിപ്പ് | 198673 | 3393885 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 152 | 111287698 | 112 | 57092926 | 58 | 54 | 40 | 35.53% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ഭവന പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2025-ന് 3.30 Pm-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേ ദിവസം ബ്ലോക്ക് പഞ്ചായത്ത് ക്യാഷ് സ്വീകരിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കാൻ ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 13 ഉത്തരവുകൾ ഇപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഭരണ സമിതിയുടെ മിനിറ്റ്സ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിറ്റ്സുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിറ്റ്സുകളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റാൻ ശ്രദ്ധിക്കേണ്ടതാണ്. 31.12.2024-ൽ നടന്ന ധനകാര്യ കമ്മിറ്റിയുടെ മിനിറ്റ്സ് അംഗീകാരത്തിനായി സെക്രട്ടറി പ്രസിഡന്റിന് അയച്ചത് 12.05.2025-ൽ

മാത്രമാണ്. ഭരണ സമിതിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി അംഗീകാരത്തിനായി അയക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ രസീത് പ്രകാരം പിരിച്ച തുകകൾ ബ്ലോക്ക് ഓഫീസിൽ ഒടുക്കാതെ നേരിട്ട് ചെലവഴിച്ചതായി കാണുന്നു. നിർവഹണ ഉദ്യോഗസ്ഥർ രസീത് പ്രകാരം പിരിക്കുന്ന തുകകൾ കൃത്യമായും ബ്ലോക്ക് ഓഫീസിൽ ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നിവയിൽ നിന്നുള്ള ചെലവുകളിൽ ചെലവുകളിൽ പലതും സുലേഖയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം ഉടൻ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10 ഗുണഭോക്തൃവിഹിതം ഈടാക്കിയത് ബ്ലോക്ക് പഞ്ചായത്തിൽ വരവ് വച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19 പ്രകാരം ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും ഉത്തരവാദിത്വത്തിൽ നടന്ന ഏത് പണമിടപാടും, യാതൊരു വീഴ്ചയുമില്ലാതെ, അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതും ലഭിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അക്കൗണ്ടിലോ, ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ, സഹകരണ ബാങ്ക് അക്കൗണ്ടിലോ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അക്കൗണ്ടിലോ, ട്രഷറിയിൽ സർക്കാർ അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതും നിത്യച്ചെലവിനാവശ്യമായ തുക സെക്രട്ടറി ചെക്ക്/ബിൽ മുഖേന ട്രഷറിയിൽ നിന്നോ ബാങ്കിൽ നിന്നോ പിൻവലിക്കേണ്ടതുമാണ്. പഞ്ചായത്തിനുവേണ്ടി ലഭിച്ച തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെ ഏതെങ്കിലും ചെലവിനങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല.

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രസീത് പ്രകാരം പിരിച്ച ഗുണഭോക്തൃവിഹിതം ബ്ലോക്ക് പഞ്ചായത്തിൽ വരവ് വയ്ക്കാതെ നേരിട്ട് സ്ഥാപനങ്ങൾക്ക് നൽകി.

| ക്രമ നം | പ്രോജക്ട് നം | ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | ഈടാക്കിയ ഗുണഭോക്തൃ വിഹിതം | സ്ഥാപനത്തിന് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ആകെ നൽകിയ തുക |
|---|---|---|---|---|
| 1 | S0104/25 കാർഷിക മേഖലയിൽ യന്ത്ര സാമഗ്രികൾക്ക് സഹായം | 230062 (വികസന ഫണ്ട്) | 25673/-(3 കാർഷിക കർമ്മസേനകളിൽ നിന്നും) | 256735 |
| 2 | S0102/25 രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈകൾ വയ്ക്കുന്നത് | 329075 (വികസന ഫണ്ട്) | 8025/- (241 വ്യക്തികളിൽ നിന്നും 321 തെങ്ങിൻ തൈകൾ വാങ്ങുന്നതിലേക്ക് (321x25) | 32100 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾക്ക് വിരുദ്ധമായി ഉണ്ടാകുന്ന വിഹിതങ്ങളിൽ പിരിച്ച തുക ബ്ലോക്ക് ഓഫീസിൽ ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.20.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ച തുക ബ്ലോക്ക് ഓഫീസിൽ ഒടുക്കാതെ കൈവശം വെച്ചതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വാടകയിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല

ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെ വാടകയിനത്തിൽ 04/2024 മുതൽ 08/2024വരെ പ്രതിമാസം 2,200/- രൂപ പ്രകാരം ആകെ 11000/- രൂപയും(രസീത് നം 25/07.08.2024), 09/2024 മുതൽ 03/2025 വരെ പ്രതിമാസം 2500/- രൂപ പ്രകാരം ആകെ 17500/- രൂപയും (രസീത് നം. 30/21.02.2025) ലഭിച്ചിട്ടുണ്ട്. കേന്ദ്ര ചരക്ക് സേവന നികുതി നിയമം (THE CENTRAL GOODS AND SERVICES TAX ACT, 2017 (12 OF 2017), സംസ്ഥാന ചരക്ക് സേവന നികുതി നിയമം (THE STATE GOODS AND SERVICES TAX ACT, 2017 (20 OF 2017) സെക്ഷൻ 7 ഷെഡ്യൂൾ II ഖണ്ഡിക 5(a) പ്രകാരം സ്ഥാവര വസ്തുക്കൾ വാടകയ്ക്ക് നൽകുമ്പോൾ ലഭിക്കുന്ന വാടകയിന്മേൽ 9% വീതം CGST-യും, SGST-യും ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/20.08.2025)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷത്തിൽ ജി.എസ്.ടി ഈടാക്കാനുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കാലയളവ് | വാടക ഈടാക്കിയത് | ജി.എസ്.ടി ഈടാക്കാനുള്ളത് |
|---|---|---|---|
| 1 | 04/2024-08/2024 | 2200x5=11000/- | 1980/- |
| 2 | 09/2024-03/2025 | 2500x7=17500/- | 3150/- |
| ആകെ | | | 5130/- |

ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക ഈടാക്കി ഒടുക്കേണ്ടതാണ്.
കരാർ പ്രകാരം എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ വാടക ഒടുക്കേണ്ടതാണ്. എന്നാൽ വാടക യഥാസമയം ഒടുക്കാതിരുന്നിട്ടും പിഴപ്പലിശ ഈടാക്കിയിട്ടില്ല. പിഴപ്പലിശ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ലഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പലവക ചെലവുകൾക്കായി കാനറ ബാങ്ക് ശാഖയിൽ ആരംഭിച്ചിട്ടുള്ള 1134101012173 നമ്പർ സേവിംഗ്സ് അക്കൗണ്ടിൽ നാളിതുവരെ പലിശ ലഭിക്കാത്തതു സംബന്ധിച്ച് 28.05.2024 ലെ HA/500/2023 നമ്പർ കത്ത് പ്രകാരം കാനറ ബാങ്ക് റീജിയണൽ മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതും 07.10.2023ൽ 404012/- രൂപ അനുവദിക്കേണ്ടതാണെന്ന് കണക്കാക്കിയെടുത്ത് ബാങ്കിംഗ് ഓംബുഡ്സ്മാന് പരാതി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 09.10.2024ലെ കമ്മറ്റി തീരുമാനമുള്ളതായും കാണുന്നു. 30.03.2025 ൽ 251780.98 രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിലും 2024-25 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ തുക ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (08/18.08.2025) നൽകിയതിന് പലിശ നൽകാൻ സാധ്യമല്ല എന്ന് വ്യക്തമാക്കി ബാങ്ക് കത്ത് നൽകിയതായ മറുപടിയാണ് ലഭ്യമാക്കിയത്. ബാങ്കിന്റെ മറുപടി പരിശോധിച്ചതിൽ അപേക്ഷകരിൽ നിന്നും ലഭിച്ച തുകകൾ നിക്ഷേപിക്കുന്നതിന് ബാങ്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്ത് നൽകിയിട്ടുള്ളതായ മറുപടിയാണ് നൽകിയതെന്ന് കാണുന്നു. എന്നാൽ ടി അക്കൗണ്ട് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന തനത് വരുമാനങ്ങൾ ക്രെഡിറ്റ് ചെയ്യുന്നതിനായി ആരംഭിച്ച അക്കൗണ്ടാണിതെന്ന് കാണുന്നു. പ്രസ്തുത വിവരം ബാങ്കിനെ

ബോധ്യപ്പെടുത്തി പരിധി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കരാറടിസ്ഥാനത്തിലുള്ള നിയമനം അധിക വേതനം നല്കി

പ്രോജക്ടിന്റെ പേര് : സായാഹ്ന ഒ.പി. താല്ക്കാലിക ഡോക്ടറുടെ വേതനം(500 34/25)
അടങ്കൽ: 63700(തനത് ഫണ്ട്)
വൗച്ചർ ചെക്ക് നം. MB-041042/25.5.2024- ₹63700/-
നിർവ്വഹണം-മെഡിക്കൽ ഓഫീസർ,സി.എച്ച്.സി

തൃക്കരിപ്പൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി-യ്ക്കായി കരാർ വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ച് (ഡോ.അപർണ മരിയം ജോർജ്) പ്രതിമാസം 63700/- രൂപ നിരക്കിൽ വേതനം നല്കിയിരുന്നു. മേൽ പ്രോജക്ട് പ്രകാരം 2024 മാർച്ച് മാസത്തെ വേതനമായി 63700/-രൂപയാണ് നല്കിയിരിക്കുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 10.07.2023-ലെ ഡി.ഒ.3/143/2023/ആ.കു.ക്ഷേ നമ്പർ സർക്കുലർ പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർക്ക് 2023 ഏപ്രിൽ മുതൽ ധനകാര്യ വകുപ്പിന്റെ 11.02.2021 -ലെ സ.ഉ(പി)നം.29/2021 ധന. ഉത്തരവ് പ്രകാരമുള്ള വേതനമാണ് നൽകേണ്ടതെന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസ വേതനമായി പരമാവധി 57525/- രൂപയാണ് നൽകാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കരിപ്പൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പിയ്ക്കായി കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർക്ക് പ്രതിമാസം 63700/- രൂപ നിരക്കിൽ വേതനം നല്കിയിരിക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികനിരക്കിൽ വേതനം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(09/19.08.2025) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നല്കിയ 6175/- രൂപ (63700-57525) തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 കോൺഫറൻസ് ഹാളിൽ എ.സി സ്ഥാപിക്കൽ – തുക അധികം ചെലവഴിച്ചു

പ്രോജക്ടിന്റെ പേര് - കോൺഫറൻസ് ഹാളിൽ എ.സി സ്ഥാപിക്കൽ.

പ്രോജക്ട് നം - 560128/25

അടങ്കൽ തുക – 103000/-

ചെലവ് തുക – 77960/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ബിൽ നം RB1542400591265/8.12.2024

നിർവ്വഹണം - സെക്രട്ടറി

2023-24 സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം സൺ ഗ്രീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഓരോന്നും 1.5 ടൺ ശേഷിയുള്ള നാല് എയർ കണ്ടീഷണറുകൾ വാങ്ങിയതിന് സ്ഥാപനം 177960/- രൂപയുടെ ഇൻവോയിസ് ഹാജരാക്കിയതിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 100000/- രൂപ മാത്രമാണ് 2023-24 വർഷം നൽകിയത്. ബാക്കിയുള്ള തുക നൽകുന്നതിനായാണ് തൻവർഷം സ്പിൽ ഓവറായി മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

മൂന്ന് എ.സികൾ കോൺഫറൻസ് ഹാളിന്റെ കിഴക്ക് ഭാഗത്തും ഒരെണ്ണം പടിഞ്ഞാറ് ഭാഗത്തുമാണ് സ്ഥാപിച്ചിട്ടുള്ളത്. കോൺഫറൻസ് ഹാളിന്റെ കിഴക്ക് ഭാഗത്തെ കോറിഡോറിന് പുറത്താണ് എ.സികളുടെ ഔട്ട് ഡോർ യൂണിറ്റ് (Condensor) സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ഔട്ട് ഡോർ യൂണിറ്റും ഇൻ ഡോർ യൂണിറ്റും (Evaporator) തമ്മിൽ ഏകദേശം 3 മീറ്റർ അകലമുണ്ട്. ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായുള്ള കോപ്പർ പൈപ്പിന്റെ നീളം കൂടുതലായതിനാൽ അധികമായി പൈപ്പിംഗ് നടത്തിയതിന് സ്ഥാപനം ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ തുക ഈടാക്കിയിട്ടുണ്ട്. സൺ ഗ്രീസ് കോട്ടയം ലഭ്യമാക്കിയ ഇൻവോയിസ് പരിശോധിച്ചതിൽ, നാല് എ.സികളുടെ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ഒരെണ്ണത്തിന് 5950 രൂപ നിരക്കിൽ 23800/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. ഹാളിന്റെ കിഴക്ക് ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള മൂന്ന് എ.സികളുടെ ഔട്ട് ഡോർ യൂണിറ്റും ഇൻ ഡോർ യൂണിറ്റും

(Evaporator) തകരാറാണ് സാധാരണയായി കണ്ടുവരുന്ന അപാകം എന്നതും സർവ്വീസ് ചാർജ് ഈടാക്കാറുണ്ടെന്നും പരിശോധന വേളയിൽ സ്ഥാപിച്ചിട്ടുള്ള 1 എണ്ണമൊഴികെയുള്ള മറ്റ് വാട്ടർ പ്യൂരിഫയർ ഇൻ വാട്ടർ പ്യൂരിഫയർ (Evaporator) തകരാർ സാധാരണയായി കണ്ടുവരുന്ന അപാകം ഇല്ലാത്തതിനാൽ അധികമായി സർവ്വീസ് ചാർജ് നൽകേണ്ടതില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 04/18.8.2025) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 5950/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പി ജെ സൺ ഷൈൻ കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 വൈൽഡ് ലൈഫ് പ്രൊക്ലിമ സെമിനാർ - തുക നൽകൽ - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു**

പ്രോജക്ടിന്റെ പേര് - വൈൽഡ് ലൈഫ് പ്രൊക്ലിമ സെമിനാർ - തുക നൽകൽ.

പ്രോജക്ട് നം - 500189/2025

അടങ്കൽ തുക - 25000/-

ചെലവ് തുക - 25000/- (ചെക്ക് നം - 041647/25.03.2025, തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

മഹാത്മാ ഗാന്ധി സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ... എന്ന സംഘടനയുടെ ഇന്റർനാഷണൽ വൈൽഡ് ലൈഫ് പ്രൊക്ലിമ 2025 എന്ന പ്രോഗ്രാമിന്റെ നടത്തിപ്പ് ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം 25000/- രൂപ സഹായം നൽകിയിട്ടുണ്ട്. ഇന്റർനാഷണൽ വൈൽഡ് ലൈഫ് പ്രൊക്ലിമ 2025 എന്ന പരിപാടിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സഹായം നൽകണമെന്ന് നിർബന്ധിതമാക്കിയ സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഉൾപ്പെടെ ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/18.8.2025) മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-16 അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ നൽകൽ - തുക തടസ്സപ്പെടുത്തുന്നു**

പ്രോജക്ടിന്റെ പേര് - അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ നൽകൽ

പ്രോജക്ട് നം - 50028/25

അടങ്കൽ തുക - 2515500/-

ചെലവ് തുക - 2116800/- (സി.എഫ്.സി വിഹിതം)

വൗച്ചർ നം - XVFC/2024-25/P/63/25.03.2025

നിർവ്വഹണം - സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ആർ.കെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും Kent Elegant Lite എന്ന ബ്രാൻഡിലുള്ള 112 എണ്ണം വാട്ടർ പ്യൂരിഫയർ വാങ്ങി താഴെപറയുന്ന ഗ്രാമപഞ്ചായത്തുകളിലെ അംഗനവാടികൾക്ക് ഓരോന്ന് വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | എണ്ണം |
|---|---|---|
| 01 | അതിരമ്പുഴ | 43 |
| 02 | കാണക്കാരി | 17 |

| | | |
|---|---|---|
| 03 | മാരാരിക്കുളം വടക്ക് | 24 |
| 04 | കഞ്ഞിക്കുഴി | 27 |
| 05 | ചേർത്തല തെക്ക് | 01 |
| | ആകെ | 82 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ വാർഡ് നം 22, തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ വാർഡ് നം 57, 63, 64, 65, 73 എന്നീ അംഗനവാടികളിൽ മാത്രമാണ് വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്. ശേഷിക്കുന്നവയിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ നടത്തിയാൽ മാത്രമേ ഇവ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂവെന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20.08.2025) ബന്ധപ്പെട്ട സൂപ്പർവൈസർ മറുപടി നൽകിയത്. വാട്ടർ പ്യൂരിഫയറുകൾ വാങ്ങി ആറ് മാസം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യം ഒരുക്കി ഇവ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. വാട്ടർ പ്യൂരിഫയറുകളുടെ വാറണ്ടി ഒരു വർഷം മാത്രമായതിനാൽ എത്രയുംവേഗം ഇവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണമെന്ന് ഉദ്യോഗസ്ഥരെയും അംഗനവാടികളുടെ ചുമതലയുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാരിൽ നിന്നും റിപ്പോർട്ട് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

നിലവിൽ സ്ഥാപിച്ചിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുള്ള 6 എണ്ണമൊഴികെയുള്ള 106 വാട്ടർ പ്യൂരിഫയറുകൾക്കായി ചെലവഴിച്ച 20,03,400/- (1668900/-) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 എസ്.സി കോളനികളിൽ വാട്ടർ എ.ടി.എം സ്ഥാപിക്കൽ – പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം - S00201/25

അടങ്കൽ തുക – 2693600/- (വികസന ഫണ്ട്)

ചെലവ് തുക – 1998980/-

ബിൽ നം – RB108525307I4521/25.03.2025 – 999000/-

ബിൽ നം – RB108525307I4520/25.03.2025 – 999980/-

നിർവ്വഹണം – സെക്രട്ടറി

ഒരു പ്രോജക്ടിന്റെ ഭാഗമായി തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ വില്യാത്ത് ലക്ഷംവീട് കോളനി, മുണ്ടക്കം വെളി കോളനി, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ ആനന്ദപ്പുരം കോളനി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കാവുങ്കൽ കോളനി എന്നിവിടങ്ങളിൽ വാട്ടർ എ.ടി.എം സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 17.2.2025ലെ 2(4) തീരുമാന പ്രകാരം തെരഞ്ഞെടുത്ത ഏൽപ്പിക്കുകയുണ്ടായി. തുടർന്ന് ജെം പോർട്ടൽ മുഖേന തെരഞ്ഞെടുത്ത ആർട്ടിക് എന്റർപ്രൈസസ് എന്ന സ്ഥാപനം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ വില്യാത്ത് ലക്ഷംവീട് കോളനി, മുണ്ടക്കം വെളി കോളനി എന്നിവിടങ്ങളിലും സൺ ഗ്രീൻ ടെക്നോ എന്ന സ്ഥാപനം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ ആനന്ദപ്പുരം കോളനി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കാവുങ്കൽ കോളനി എന്നിവിടങ്ങളിലും വാട്ടർ എ.ടി.എം സ്ഥാപിക്കുകയുണ്ടായി. ജെം പോർട്ടലിൽ നിന്നുള്ള രേഖകൾ, സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഇൻവോയ്സ് എന്നിവ പരിശോധിച്ചതിൽ, വാട്ടർ എ.ടി.എമ്മിന്റെ ഉപയോഗം എളുപ്പമാക്കാൻ യൂണിറ്റിനോടൊപ്പം ക്യൂ.ആർ കോഡ് സ്കാനും സുരക്ഷയ്ക്കായി നിരീക്ഷണ ക്യാമറയും ഉൾപ്പെട്ടതാണ് യൂണിറ്റ് സ്ഥാപിക്കേണ്ടത്. എന്നാൽ നിരീക്ഷണ ക്യാമറയും ക്യൂ.ആർ കോഡ് സ്കാനും ഒഴിവാക്കിയാണ് വാട്ടർ എ.ടി.എം സ്ഥാപിച്ചിരിക്കുന്നത്. ഇവ സ്ഥാപിക്കാതെ

രണ്ട് മേൽ സ്ഥാപനങ്ങൾക്ക് നിർദേശ പ്രകാരമുള്ള തുടർ ഇടപെടൽ നൽകിയ നടപടി ക്രമവിരുദ്ധമാണ്. ഇടപാട് ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ നാല് കോളനികളിലെയും വാട്ടർ എ.ടി.എമ്മുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/19.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാട്ടർ എ.ടി.എമ്മിൽ കൃത്യമായി കോയിൻ സ്വൈപ്, നിർമ്മാണ കൃത്യത എന്നിവ ഉറപ്പുവരുത്തി വൈദ്യുതി സ്ഥാപിച്ച് എ.ടി.എം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. എ.ടി.എമ്മുകളുടെ പരിപാലനച്ചുമതല സംബന്ധിച്ച് ഗുണഭോക്താക്കളുമായോ ഗുണഭോക്തൃ സമിതിയുമായോ കരാറിലേർപ്പെട്ട് ഇവയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. പദ്ധതിയുടെ പ്രയോജനം കോളനി നിവാസികൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ 1998980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പൊതുസ്ഥലത്ത് വാട്ടർ എ.ടി.എം - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് - പൊതുസ്ഥലത്ത് വാട്ടർ എ.ടി.എം

പ്രോജക്ട് നം - 500180/25

അടങ്കൽ തുക - 57507/- (സി.എഫ്.സി ഗ്രാന്റ്)
വൗച്ചർ നം - XVFC/2024-25/P/40/17.03.2025

ചെലവ് തുക - 574000/-

നിർവ്വഹണം - സെക്രട്ടറി

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്കിന്റെ കോമ്പൗണ്ടിൽ വാട്ടർ എ.ടി.എം സ്ഥാപിച്ചതിന് ഐ.റ്റി എൻഗ്രഫെണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരത്തിന് 574000/- രൂപ നൽകിയിട്ടുണ്ട്. വാട്ടർ എ.ടി.എം-ൽ നിന്നും ഒരു ലിറ്റർ വെള്ളത്തിന് ഒരു രൂപയെന്ന നിരക്കിൽ കോയിൻ ഉപയോഗിച്ചും കൃത്യമായി കോയിൻ സ്വൈപ് ചെയ്തും പൊതുജനങ്ങൾക്ക് ആവശ്യമുള്ള ശുദ്ധജലം എടുക്കാവുന്നതാണ്. ബാങ്കിന്റെ കോമ്പൗണ്ടിൽ എ.ടി.എം സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നതായി കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയും തമ്മിൽ ഏർപ്പെട്ട കരാർ (കരാർ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം എ.ടി.എമ്മിന്റെ വൈദ്യുതി, വാട്ടർ ചാർജ് എന്നിവയും എ.ടി.എമ്മിന്റെ പരിപാലനച്ചുമതലയും ബാങ്ക് വഹിക്കേണ്ടതും എ.ടി.എമ്മിൽ നിന്നും ലഭിക്കുന്ന വരുമാനം 70:30 എന്ന അനുപാതത്തിൽ ബാങ്കും ബ്ലോക്ക് പഞ്ചായത്തും വീതിച്ചെടുക്കേണ്ടതുമാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ, നാളിതുവരെ എ.ടി.എമ്മിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. എ.ടി.എം സ്ഥാപിച്ച ദിവസം മുതൽ ഇതുവരെ എ.ടി.എമ്മിൽ നിന്നും കോയിൻ മുഖേനയും കൃത്യമായി കോയിൻ മുഖേനയും ലഭിച്ച തുകയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 11/19.08.2025) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അധികൃതരിൽ എ.ടി.എമ്മിൽ നിന്നുള്ള വരുമാനത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതുവരെ 574000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വയോജന സൗഹൃദ ഓഡിയോ പാർക്ക് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ വയോജനങ്ങൾക്ക് ഒഴിവുസമയം ചെലവഴിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനിരിക്കുന്ന പദ്ധതിയാണ് വയോജന സൗഹൃദ ഓഡിയോ പാർക്ക്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുമായി നടത്തിയ താഴെപറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം 1049019/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രോജക്ടിന്റെ | പ്രോജക്ടിന്റെ | അടങ്കൽ | ചെലവ് | ഫണ്ട് | ചെലവ് വിവരം |
|---|---|---|---|---|---|---|

| നം | പേര് | നമ്പർ | തുക | തുക | ഇനം | |
|---|---|---|---|---|---|---|
| 01 | വയോജന സൗഹൃദ കാർഡിയോ പാർക്ക് 2023-24 | 5010/2025 | 597636 | 590379 | വികസന ഫണ്ട് ജനറൽ | RBI0722599613008/ 12.03.2025 |
| 02 | വയോജന സൗഹൃദ കാർഡിയോ പാർക്ക് ഫേസ് 2 – നിർമ്മാണ പ്രവർത്തനങ്ങൾ | 50004/2025 | 500000 | 458640 | തനത് ഫണ്ട് | ചെക്ക് നം 07564291/ 26.03.2025 |
